# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3817** — **26.06.2012- ൽ മറുപടിക്ക്**

**കൈത്തറി മേഖലയ്ക്ക് റിവൈവൽ - റിഫോം - റീസ്ട്രക്ചറിംഗ് പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ഡോ.എൻ.ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി.ജോർജ്<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ** | | **ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്രം കൈത്തറി മേഖലയ്ക്ക് പ്രഖ്യാപിച്ച റിവൈവൽ-റീഫോം - റീസ്ട്രക്ചറിംഗ് പാക്കേജിന്റെ ആനുകൂല്യങ്ങൾ സംസ്ഥാനത്തെ കൈത്തറി മേഖലയ്ക്ക് ലഭിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | കേന്ദ്രം കൈത്തറി മേഖലയ്ക്ക് പ്രഖ്യാപിച്ച റിവൈവൽ-റീഫോം - റീസ്ട്രക്ചറിംഗ് പാക്കേജിന്റെ ആനുകൂല്യങ്ങൾ സംസ്ഥാനത്തെ കൈത്തറി മേഖലയ്ക്ക് ലഭിക്കാതിരുന്നിട്ടില്ല. ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമം ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ നടത്തിപ്പ് നബാർഡ് മുഖാന്തിരമാണ്. പദ്ധതിയുടെ നടത്തിപ്പിന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ എല്ലാ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെയും, അപ്പക്സ് സൊസൈറ്റി ആയ ഹാന്റക്സിന്റെയും 31.3.10 വരെയുള്ള ആഡിറ്റ്, സഹകരണ വകുപ്പ്, യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുകയുണ്ടായി. കേന്ദ്ര സർക്കാരും,നബാർഡും, സംസ്ഥാന സർക്കാരും തമ്മിലുള്ള മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് 23.3.12-ന് ഒപ്പു വച്ചു. സംസ്ഥാന സർക്കാരാണ് ആദ്യം മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് ഒപ്പു വച്ചത്. 2011-12 വർഷത്തിൽ സംസ്ഥാന സർക്കാർ, സംസ്ഥാന വിഹിതമായി 5 കോടി രൂപ അനുവദിക്കുകയും, ആ തുക നബാർഡിന് കൈമാറുകയും ചെയ്തു. 2012-13 വർഷത്തിൽ വീണ്ടും മറ്റൊരു 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നബാർഡ് സ്പെഷ്യൽ ഓഡിറ്റ് പൂർത്തിയാക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. സ്പെഷ്യൽ ഓഡിറ്റ് ആരംഭിച്ചു കഴിഞ്ഞു. |
| (ബി) | കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശം അനുസരിച്ചുള്ള പ്രസ്തുത പാക്കേജിലെ ആനുകൂല്യങ്ങൾ കേരളത്തിലെ കൈത്തറി മേഖലയ്ക്ക് ലഭ്യമാക്കണമെങ്കിൽ വയബിൾ | (ബി) | <u>വയബിൾ അല്ലെങ്കിൽ പൊട്ടൻഷ്യലി വയബിൾ എന്നിവയുടെ നിർവ്വചനം</u><br><br>1.വയബിൾ (Viable Primary Handloom Weavers Co- operative Society)<br>കഴിഞ്ഞ 3 വർഷങ്ങളിൽ ഉപയോഗക്ഷമത (Capacity Utilization), Break even point ന് തുല്യമോ, അതിനു |

| | | |
|---|---|---|
| | അല്ലെങ്കിൽ പൊട്ടൻഷ്യലി വയബിൾ വിഭാഗത്തിൽ ഉൾപ്പെട്ടതായിരിക്കണമെന്ന വ്യവസ്ഥ കൊണ്ട് അർത്ഥമാക്കുന്നത് എന്താണ്; വ്യക്തമാക്കുമോ; | മുകളിലോ ആയിരിയ്ക്കണം.<br><br>നെറ്റ് ഡിസ്പോസിബിൾ റിസോഴ്സും നെറ്റ് വർത്തും പോസിറ്റീവായിരിക്കണം.<br><br>കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ ശരാശരി ഉത്പാദനത്തിന്റെ 75% എങ്കിലും വിൽപ്പന നടത്തിയിരിയ്ക്കണം.<br><br>2009-10 വരെയുള്ള ആഡിറ്റ് പൂർത്തിയായിരിയ്ക്കണം.<br><br>പ്രവർത്തന മൂലധനം / ക്യാഷ് ക്രെഡിറ്റ്, വർഷത്തിൽ 2 തവണയെങ്കിലും പൂർണ്ണമായി വിനിയോഗിയ്ക്കുകയും അത്രയും തുക 2 തവണയെങ്കിലും അക്കൗണ്ടിലേയ്ക്ക് തിരിച്ചടവ് ഉണ്ടായിരിയ്ക്കുകയും ചെയ്യേണ്ടതാണ്. (Rotate at least twice in a year).<br><br>II. <u>പൊട്ടൻഷ്യലി വയബിൾ പ്രൈമറി വീവേഴ്സ് സൊസൈറ്റി</u><br><br>നെറ്റ് വർത്ത് പോസിറ്റീവായിരിയ്ക്കണം. കഴിഞ്ഞ 3 വർഷങ്ങളിൽ 2 വർഷത്തിൽ കൂടുതൽ പ്രവർത്തന നഷ്ടം (Operating loss) ഉണ്ടാകാൻപാടില്ല.<br><br>കഴിഞ്ഞ 3 വർഷങ്ങളിലെ ശരാശരി ഉത്പാദനത്തിന്റെ 50% എങ്കിലും വിൽപ്പന നടത്തിയിരിയ്ക്കണം.<br><br>പ്രവർത്തന മൂലധനം/ക്യാഷ് ക്രെഡിറ്റ് തുക വർഷത്തിൽ ഒരു തവണയെങ്കിലും പൂർണ്ണമായി വിനിയോഗിച്ചിരിയ്ക്കുകയും, അത്രയും തുക അക്കൗണ്ടിലേയ്ക്ക് തിരിച്ചടവ് ഉണ്ടായിരിയ്ക്കുകയും ചെയ്യേണ്ടതാണ്. (Rotate at least once in a year).<br><br>സംസ്ഥാനത്തെ മിക്ക കൈത്തറി സംഘങ്ങളുടെയും നെറ്റ് വർത്ത് നെഗറ്റീവ് ആണ്. അതുപോലെ മിക്ക സംഘങ്ങളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് മേൽപ്രകാരം നിർവ്വചിച്ചിരിക്കുന്ന വയബിൾ അല്ലെങ്കിൽ പൊട്ടൻഷ്യലി വയബിൾ കാറ്റഗറിയിൽ മിക്ക സംഘങ്ങളും വരികയില്ല. |
| (സി) | സംസ്ഥാനത്തെ പ്രാഥമിക കൈത്തറി സംഘങ്ങൾ, അപ്പക്സ് സംഘം, സ്വകാര്യ നെയ്ത്തുകാർ, കൈത്തറി നെയ്ത്തു ഗ്രൂപ്പുകൾ എന്നിവയ്ക്ക് പ്രസ്തുത പാക്കേജിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എൻ.ഐ.എം.ആർ.സി യിലെ കേരളത്തിന്റെ പ്രതിനിധികൾ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചത്; വ്യക്തമാക്കുമോ? | (സി) വയബിൾ അല്ലെങ്കിൽ പൊട്ടൻഷ്യലി വയബിൾ നിർവ്വചനത്തിൽ ഉചിതമായ ഭേദഗതി വരുത്തി, കൂടുതൽ സംഘങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിയ്ക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.<br><br>താഴെ പറയുന്ന ശുപാർശകളാണ് ഉന്നയിച്ചത്.<br><br>നെറ്റ് വർത്ത്, പോസിറ്റീവ് ആകണമെന്ന നിർദ്ദേശം നീക്കണം.<br><br>മൂന്നുവർഷങ്ങളിൽ രണ്ടുവർഷത്തിൽ കൂടുതൽ നഷ്ടം വരരുതെന്ന നിബന്ധനയിൽ അയവുവരുത്തണം. |

**സെക്ഷൻ ഓഫീസർ**